**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴിയിലെ മണൽതിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയിലെ ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മൗത്തിലെയും ചാനലിലെയും ആഴം കൂട്ടാൻ ഹാർബർ എഞ്ചിനീയറിങ് വകുപ്പും അദാനി കമ്പനിയും കരാറിൽ ഏർപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കല്ലുകൾ ബാർജ് വഴി കടൽ മാർഗ്ഗം കൊണ്ട് പോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി മെസ്സേഴ്സ് അദാനി പോർട്ടുമായി 10/04/2018 തീയതിയിൽ മൂന്ന് വർഷത്തേക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ധാരണാ പത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. തുടർന്ന് 12/04/2021 തീയതിയിൽ ധാരണാ പത്രം പുതുക്കുകയും ധാരണാ പത്രത്തിന്റെ കാലാവധി 11/04/2024 തീയതി വരെ നീട്ടി ദീർഘിപ്പിച്ചിട്ടുമുണ്ട് . |
| (ബി) | പ്രസ്തുത കരാർ പ്രകാരം എന്തൊക്കെ നടപടികളാണ് അദാനി കമ്പനി സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (ബി) | മെസ്സേഴ്സ് അദാനി പോർട്ടുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഒപ്പ് വച്ച ധാരണാ പത്രം പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ മൗത്തിലും ചാനലിലും അഞ്ച് മീറ്ററും തുറമുഖ ബേസിനിൽ മൂന്ന് മീറ്ററും ആഴം ഉറപ്പാക്കണം എന്നും ഗൈഡ് ലൈറ്റ്, ബോയ എന്നിവ സ്ഥാപിക്കണം എന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ലോഡ് ഔട്ട് ഫെസിലിറ്റിയുടെ പ്രവർത്തനമോ ഡ്രഡ്ജിംഗ് പ്രവൃത്തികളോ മൂലം പുലിമുട്ടിന് ഉണ്ടാകുന്ന കേടുപാടുകൾ അദാനി പോർട്ട്സ് സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതുമാണ്. |
| (സി) | ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മൗത്തിലെയും ചാനലിലെയും ആഴം അഞ്ച് മീറ്റർ ആയി നിലനിർത്താൻ അദാനി കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (സി) | മെസ്സേഴ്സ് അദാനി പോർട്ടുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഒപ്പ് വച്ച ധാരണാ പത്രം പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ മൗത്തിലും ചാനലിലും അഞ്ച് മീറ്റർ ആഴം ഉറപ്പാക്കേണ്ടത് അദാനി പോർട്ട്സിന്റെ ചുമതലയാണ്. |

| | | | |
|---|---|---|---|
| (ഡി) | 2021-ന് ശേഷം അദാനി കമ്പനി ഈ പ്രവൃത്തികൾ ചെയ്യിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | അദാനി കമ്പനിയുമായുള്ള ധാരണ പത്രം പ്രകാരം അഴിമുഖത്തും ചാനലിലും അഞ്ച് മീറ്റർ ആഴവും തുറമുഖ ബേസിനിൽ 3 മീറ്റർ ആഴവും ആവശ്യമാണ്. എന്നാൽ 2021 ന് ശേഷം അദാനി കമ്പനി അഴിമുഖത്തും ചാനലിലും ധാരണാ പത്രം പ്രകാരമുള്ള ഡ്രഡ്ജിങ് നടത്തിയിട്ടില്ല. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൽ അഴിമുഖത്തും ചാനലിലും ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്ത് ഡ്രഡ്ജിങ് നടത്തുന്നതിന് നിരവധി തവണ യോഗം ചേർന്ന് രേഖാമൂലം കത്തുകൾ നൽകിയെങ്കിലും അദാനി കമ്പനി അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. 19/05/2023 മുതൽ 07/06/2023 വരെയുള്ള കാലയളവിൽ അഴിമുഖത്ത് ചാനലിൽ രൂപം കൊണ്ട മണൽത്തിട്ട ഭാഗീകമായി നീക്കം ചെയ്യുന്ന പ്രവൃത്തി മാത്രമാണ് അദാനി പോർട്ട് ചെയ്തിട്ടുള്ളത്.<br><br>31.07.2023 തീയതിയിൽ അദാനി കമ്പനിയുമായി നടത്തിയ മന്ത്രിതല ചർച്ചയിൽ അഴിമുഖത്തും ചാനലിലും ചിതറി കിടക്കുന്ന കല്ലുകൾ നീക്കം ചെയ്ത് ഡ്രഡ്ജിങ് യുദ്ധകാല അടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്ന് കർശന നിർദ്ദേശം കമ്പനിയ്ക്ക് നൽകുകയുണ്ടായി. തുടർന്ന് 02-08-2023 തീയതി മുതൽ മുതലപ്പൊഴിയിൽ അഴിമുഖത്തും ചാനലിലും ചിതറി കിടക്കുന്ന കല്ലുകൾ ക്രെയിൻ ഉപയോഗിച്ച് നീക്കം ചെയ്ത് തുടങ്ങിയിട്ടുണ്ട്. കല്ലുകൽ നീക്കം ചെയ്തതിന് ശേഷം ഡ്രെഡ്ജിംഗ് നടത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ